# യേശുവിനൊപ്പം ജീവനേകാൻ, വെളിച്ചമാകാൻ

2018 ജൂൺ മൂന്നോടെ പുതിയൊരു വിശ്വാസപരിശീലനവർഷം നാം ആരംഭിക്കുകയാണ്. 'വിശ്വസിക്കുന്നതിലെ സന്തോഷം' എന്നതാണ് ഈ വർഷത്തെ പ്രമേയം. നമ്മുടെ കുട്ടികൾക്ക് വിശ്വാസ പരിശീലനം കൃപയുടെയും സന്തോഷത്തിന്റെയും അനുഭവമായി മാറണം. ക്രിസ്തുവിൽ വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറുന്നതിനുള്ള ആവേശവും കുട്ടികളുടെ ഉള്ളിൽ വിതയ്ക്കാനുള്ള അവസരമാണ് വിശ്വാസ പരിശീലനം. ഏകദേശം എൺപതിനായിരത്തോളം കുട്ടികൾ വിശ്വാസപരിശീലനം തേടുന്ന അതി രൂപതയാണ് നമ്മുടേത്. അതിരൂപതാ നേതൃത്വത്തിന്റെയും, വികാരിയച്ചന്മാരുടെയും, കൊച്ചച്ചന്മാരുടേയും, ബ്രദേഴ്സിന്റേയും, സിസ്റ്റേഴ്സിന്റേയും, സെമിനാരിക്കാരുടേയും, അയ്യായിരത്തോളം വരുന്ന വിശ്വാസ പരിശീലകരുടെയും അത്മായ സഹോദരീസഹോദരന്മാരുടേയും, വാത്സല്യപൂർവവും, കരുതലാർന്നതും, കരുത്തുറ്റതുമായ ശ്രദ്ധ പതിയുന്ന രംഗമാണ് വിശ്വാസപരിശീലന രംഗം. അത് അങ്ങനെയായിരിക്കുകയും വേണം. കാരണം, നാളത്തെ വിശ്വാസദീപശിഖയേന്തേണ്ടവരാണ് മദ്ബഹയുടെ മുൻപിലണയുന്ന കുരുന്നു കളും വലിയവരും.

ആദ്യമായി നന്ദിയുടെ പൂച്ചെണ്ടുകൾ. അനേകമാളുകൾ നിരന്തരമായി അദ്ധ്വാനിക്കുകയും, പ്രാർത്ഥിക്കുക യും, പരിശ്രമിക്കുകയും ചെയ്യുന്നതുകൊണ്ടാണ് മനുഷ്യത്വപരവും, മാനവമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന തും ആത്മാവിന് ഓജസ്സ് പകരുന്നതുമായ വിശ്വാസപരിശീലനം നമ്മുടെ അതിരൂപതയിൽ നടപ്പിലാക്കുന്നത്. കാറ്റക്കിസം ഓഫീസിലെ വാഹനം കൃത്യതയോടെ ഓടിക്കുന്ന വില്ലി ചേട്ടൻ മുതൽ, ഈ വർഷം പ്ലേ സ്കൂളിൽ വരുന്ന കൊച്ചുകുട്ടിവരെ ഈ ശൃംഖലയെ സസൂക്ഷ്മം ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എല്ലാവർക്കും അഭി നന്ദനങ്ങളുടെ പൂച്ചെണ്ടുകൾ.

വിശ്വാസപരിശീലന രംഗത്ത് ആദ്യം ശ്രദ്ധിക്കേണ്ടത് നല്ല മൂല്യങ്ങളുടെ സ്വാംശീകരിക്കലാണ്. കുഞ്ഞുങ്ങളെ എങ്ങനെ നന്മയുടെ പ്രവാഹരാക്കാം? എങ്ങനെയാണ് അവർ ദൈവത്തെക്കുറിച്ചും, മറ്റുള്ളവരെക്കുറിച്ചും, ചുറ്റു മുള്ള പ്രകൃതിയെക്കുറിച്ചും, നിരന്തരം ഓർക്കുകയും അവരോട് ആദരവ് പ്രകടിപ്പിക്കുകയും ചെയ്യുക? എങ്ങ നെയാണ് മറ്റൊരാളുടെ വിശപ്പ് അവർക്ക് തിരിച്ചറിയുവാൻ സാധിക്കുക? എങ്ങനെയാണ് രോഗിയായിരിക്കുന്ന ഒരാളുടെ വേദനമനസ്സിലാക്കുക? എങ്ങനെയാണ് വീട്ടിൽ അപ്പനോ അമ്മയോ ഇല്ലാതിരിക്കുന്ന അവസ്ഥയെ നേരിടുക? ജയിലിൽ ആയിരിക്കുന്ന അപ്പനെക്കുറിച്ച് സങ്കടപ്പെടുന്ന ഒരു കുട്ടിയുടെ സങ്കടത്തിന്റെ ആഴം എങ്ങ നെയാണ് മനസ്സിലാക്കുക? തനിക്ക് ചുറ്റും സംഭവിക്കുന്ന വേദനയുടെ ആഴങ്ങൾ തിരിച്ചറിയുകയാണ് വിശ്വാ സപരിശീലനം നമുക്കു നൽകുന്ന ആദ്യ പാഠം. അവിടെയാണ് മുറിക്കപ്പെടുന്ന അപ്പം ക്രിസ്തുവായി മാറുന്ന തെന്ന് കുട്ടികൾ പഠിച്ചെടുക്കേണ്ടതും.

നമ്മുടെ രണ്ടാമത്തെ ശ്രദ്ധ കുഞ്ഞുങ്ങളുടെ ആത്മാവിനെ നിരന്തരം സ്പർശിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാ ത്മാവിനെ അവർക്ക് മനസ്സിലാക്കുവാൻ സാധിക്കുകയാണ്. അദ്ധ്യാപകർ പറയുന്ന ഓരോ വാക്കും, പാടുന്ന ഓരോ പാട്ടും, ആവർത്തിക്കുന്ന ഓരോ കഥയും അവരുടെ ബുദ്ധിയേയല്ല, ഹൃദയത്തെയാണ് സ്പർശിക്കേ ണ്ടത്. അദ്ധ്യാപകരുടെ സമീപനം ആത്മാവിനെ തൊട്ടുണർത്തുന്നതായിരിക്കണം. അതുകൊണ്ടുതന്നെ പ്രാർത്ഥ നയുടെ മനുഷ്യരായിരിക്കണം വിശ്വാസപരിശീലന അദ്ധ്യാപകർ. ശനിയാഴ്ച വൈകുന്നേരം ഉറങ്ങുവാൻ പോകു ന്നതിനു മുൻപ് തന്റെ ക്ലാസ്സിലെ ഓരോ കുട്ടിയേയും സമർപ്പിച്ച് അദ്ധ്യാപകർ പ്രാർത്ഥിക്കണം. ഓരോരുത്തരു ടെയും ആത്മാവുകൾ വ്യത്യസ്തമായ രീതിയിലാണ് പ്രതികരിക്കുന്നത്. എങ്കിലും, അതിനെ കൂട്ടിയിണക്കുന്ന സ്നേഹത്തിന്റെ ശക്തി തനിക്ക് നൽകണമെന്ന് ഓരോ അദ്ധ്യാപകനും അദ്ധ്യാപികയും പ്രാർത്ഥിക്കണം. ക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട അമൂല്യമായ ആത്മാവിനെ പേറുന്ന സക്രാരിയാണല്ലോ ഓരോ കുട്ടിയും. അതുകൊണ്ട് വിശ്വാസപരിശീലനം അതിസുന്ദരമായ സഭാ ശുശ്രൂഷയാണ്.

ഇടവകയിലുള്ള പാരീഷ് കാറ്റിക്കിസം കൗൺസിലിനോട് ചേർന്ന് പ്രതിനിധിയോഗത്തിൽനിന്ന് മൂന്ന് പേരും കൂടി ഉൾപ്പെടുന്ന ഒരു കമ്മിറ്റി ഇടവകയിലെ വിശ്വാസപരിശീലനത്തെ വിലയിരുത്തുകയും, ഇടവക പ്രതിനി ധിയോഗത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്ന സംവിധാനം നമുക്ക് ചിന്തിക്കാമോ? ഇടവകയുടെ വരുമാനത്തിന്റെ ഒരു ഭാഗം വിശ്വാസപരിശീലനത്തിനായി മാറ്റി വയ്ക്കുന്ന പതിവ് നമുക്കുണ്ടല്ലോ. അതിലൊരുഭാഗം വിശ്വാസ പരിശീലനത്തിൽ സഹകരിക്കുന്നവരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുകയും ചെയ്യണം. സംസ്ഥാ നത്തിനകത്തും, പുറത്തും നടക്കുന്ന പരിശീലനങ്ങളിലേക്ക് നമ്മുടെ അദ്ധ്യാപകരെ പറഞ്ഞുവിടണം. ആശയ വിനിമയ രംഗങ്ങളിൽ പ്രാവീണ്യമുള്ളവരെ ഇടവകയിലേക്ക് വിളിക്കുകയും നമ്മുടെ അദ്ധ്യാപകർക്ക് പരിശീ ലനം നൽകുകയും ചെയ്യുക. ഇടവകപ്രതിനിധിയോഗത്തിലെ വിശ്വാസപരിശീലന കമ്മിറ്റിക്ക് ചെയ്യാവുന്ന

കാര്യങ്ങളാണിത്. കൂടാതെ, പല ഇടവകകളിലും ഇപ്പോൾ ചെയ്യുന്നതുപോലെ കുട്ടികൾക്ക് പ്രഭാത ഭക്ഷണമോ, ഇടയ്ക്കു കഴിക്കുവാനുള്ളത് നൽകുകയോ ചെയ്യുന്നത്, തന്റെ ശിഷ്യന്മാർക്കുവേണ്ടി അപ്പം മുറിച്ചു നൽകിയ പ്രധാന ഇടയന്റെ ഓർമ്മ കുട്ടികൾക്ക് ഇടവകകളിൽനിന്നും ലഭിക്കും.

സന്ന്യാസിനീ മഠങ്ങളില്ലാത്ത ഇടവകകൾ അതിരൂപതയിൽ നാലെണ്ണം മാത്രമേ ഉള്ളൂ. ബാക്കി എല്ലാ ഇടവകകളിലും മഠങ്ങളുണ്ട്. മഠങ്ങളായിരുന്നു ഒരിക്കൽ വിശ്വാസപരിശീലനത്തിന്റെ എല്ലാമെല്ലാം. കന്യാസ്ത്രികൾ ഈ രംഗത്ത് നൽകുന്ന സേവനം അതുല്യവും മനോഹരവുമാണ്. വിശ്വാസപരിശീലന കുട്ടികൾക്ക് മഠം കാണുവാനും സന്ന്യസ്ത ജീവിതത്തെക്കുറിച്ച് നേരിട്ട് കേൾക്കുവാനും അവസരമുണ്ടാകുന്നത് നന്നായിരിക്കില്ലേ. ഓരോ ക്ലാസ്സുകാർക്കും ഓരോ ആഴ്ചയിൽ മഠത്തിലെ ചാപ്പലിൽ ഒരുമിച്ചുകൂടുവാനും, സിസ്റ്റേഴ്സിന്റെ അധരങ്ങളിൽനിന്ന് തന്നെ അവരുടെ ജീവിതത്തെകുറിച്ച് കേൾക്കുവാനും, നിയമം അനുവദിക്കുമെങ്കിൽ മഠം കാണുവാനും, ജീവിതലാളിത്യത്തിന്റെ മുഖമുദ്രകൾ തിരിച്ചറിയുവാനും സാധിക്കുന്നത്, സന്ന്യസ്ത ജീവിതത്തിന്റെ മാറ്റ് തിരിച്ചറിയുവാൻ കുട്ടികളെ സഹായിക്കുമല്ലൊ. നാളത്തെ സഭയിൽ, മദർ തെരേസാമാരും, അൽഫോൻസാമാരും സഭയ്ക്ക് അനിവാര്യമല്ലേ?

ഇടവകകളിൽ വിശ്വാസപരിശീലനം നന്നായി നടക്കുവാൻ വികാരിയച്ചന്മാരും കൊച്ചച്ചന്മാരും ഏറ്റെടുക്കുന്ന വലിയ പരിശ്രമങ്ങൾ സ്നേഹത്തോടെ ഓർക്കുന്നു. ഓരോ കുട്ടിയുമായിട്ടുള്ള ബന്ധവും വാത്സല്യവും കരുതലുമാണ് അച്ചന്മാർക്ക് നൽകാവുന്ന ഏറ്റവും വലിയ സമ്മാനം. അവർ പഠിച്ചതെല്ലാം, കാലക്രമത്തിൽ അവർ മറന്നുപോകും. അവർ നേടിയതും വിസ്മൃതിയിലായെന്നുവരും. എങ്കിലും, ഒരച്ചന്റെ വാത്സല്യമോ കരുതലോ, പേരുചൊല്ലി വിളിച്ചതോ, നൽകിയ ഒരു ചെറിയ സമ്മാനമോ, പ്രോത്സാഹിപ്പിച്ചതോ, അവർ എന്നും ഓർത്തിരിക്കും. സഭയെക്കുറിച്ച് ഓർക്കുമ്പോൾ അവർക്ക് നല്ല ഓർമ്മകൾ ഉണ്ടാകണം. ഒരു കുഞ്ഞും മുറിവേറ്റ് മടങ്ങിപോകരുത്. നിയമങ്ങൾ നടപ്പാക്കുന്നതിനിടയിൽ, ഓരോ കുട്ടിയുടെയും, ആ കുട്ടിയുടെ മാതാപിതാക്കളുടെയും കണ്ണുകളിലേക്കു നോക്കുവാൻ ഇടയന്മാർ മറന്നുപോകരുത്. നമ്മുടെ കണ്ണുകൾ സങ്കടം കൊണ്ട് നനഞ്ഞാലും, അവരുടെ കൺകോണുകളിൽ സങ്കടത്തിന്റെ കണ്ണുനീർ ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കണം.

യേശു ജ്ഞാനത്തിലും പ്രായത്തിലും വളർന്നുവെന്നാണ് നസ്രസ്സിൽനിന്നും നമുക്ക് ലഭിക്കുന്ന അറിവ്. പ്രായത്തിൽ വളർന്ന് വരുവാനുള്ള എല്ലാ ക്രമീകരണങ്ങളും നമ്മുടെ എല്ലാ കുടുംബങ്ങളും കുട്ടികൾക്കുവേണ്ടി ചെയ്യുന്നുണ്ട്. അവർക്ക് മെച്ചപ്പെട്ട ആഹാരം, പഠിക്കുവാൻ നല്ല സ്കൂൾ, കലകളിൽ വളർന്നുവരുവാൻ സാഹചര്യങ്ങൾ, അവരുടെ അഭിരുചി വളർത്തുന്ന കായികപരിശീലനങ്ങൾ. അതോടൊപ്പം, അവർ ജ്ഞാനത്തിലും വളർന്നുവരണം. അതാണ് വിശ്വാസപരിശീലനത്തിന്റെ അകക്കാമ്പ്. നമ്മുടെ കുട്ടികൾ ക്രിസ്തു ആരാണെന്ന് അറിയണം. അവരുടെ ജീവിതത്തിൽ കണ്ണും നട്ടിരിക്കുന്ന ക്രിസ്തുവിന്റെ വാത്സല്യം അവർ തിരിച്ചറിയണം. സുവിശേഷങ്ങൾ മുന്നോട്ട് വയ്ക്കുന്ന ജീവിതശൈലികൾ അവർക്ക് പരിചിതമാകണം. ഇല്ലായ്മയിലും വല്ലായ്മയിലും അവരെ സംബന്ധിച്ച് ദൈവത്തിന് കരുതലുണ്ടെന്ന് സുവിശേഷങ്ങളിലൂടെ അവർക്ക് ബോധ്യപ്പെടണം. ക്രിസ്തുവിന്റെ ശരീരമായ സഭയെ അവളുടെ തെറ്റുകളോടും മുറിവുകളോടുംകൂടി അവർ സ്നേഹിക്കണം. സഭ എന്നാൽ, മാമ്മോദീസാ സ്വീകരിച്ച എല്ലാവരുടേയും കൂട്ടായ്മയാണെന്നും ക്രിസ്തുവിനെ പ്രസംഗിക്കുവാൻ നമുക്ക് എല്ലാവർക്കും ഉത്തരവാദിത്തമുണ്ടെന്നും അവർ സാവധാനം തിരിച്ചറിയണം. സഭയെന്ന കൂട്ടായ്മയ്ക്ക് നല്ല കുടുംബനാഥന്മാരേയും, നാഥമാരേയും, വൈദികരേയും, ബ്രദേഴ്സിനേയും, സിസ്റ്റേഴ്സിനേയും, മിഷനറിമാരേയും എന്നും ആവശ്യമുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തണം. പ്രപഞ്ചത്തിൽ മുഴുവൻ നിറഞ്ഞുനിൽക്കുന്ന ദൈവത്തിന്റെ അനന്തവും, അചഞ്ചലവുമായ സ്നേഹത്തിന്റെ ഒരു *സ്പെയ്സ്* ലഭിച്ചുകൊണ്ടുവേണം, നമ്മുടെ കുട്ടികൾ വിശ്വാസപരിശീലനത്തിന്റെ പരിസമാപ്തിയിലെത്താൻ.

ഇടവകകൂട്ടായ്മയിലെ എല്ലാവർക്കും സ്നേഹനിർഭരമായ നല്ലൊരു വിശ്വാസപരിശീലനവർഷം ആശംസിക്കുന്നു. ദൈവത്തിന്റെ അനന്തമായ വിസ്മയങ്ങൾ വീണ്ടും കാണുവാൻ ഈ വർഷം ഇടവരുത്തട്ടെ. പരസ്പരം പ്രോത്സാഹിപ്പിച്ച്, പരസ്പരം ശക്തിപ്പെടുത്തി, നമ്മുടെ തെറ്റുകൾക്കും, കുറവുകൾക്കും, ആരെയും പഴിചാരാതെ, നമ്മുടെ പരിമിതികൾക്കുള്ളിൽനിന്ന് നമ്മുടെ കുഞ്ഞുങ്ങൾക്ക് നല്ല വിശ്വാസ വളർച്ചാനുഭവം നമുക്ക് നൽകാം. നമ്മൾ പ്രാർത്ഥിക്കുന്നതിലും, ചിന്തിക്കുന്നതിലും ഒത്തിരി ഒത്തിരി ഉയരത്തിൽ തന്റെ കരുതലിന്റെ അത്ഭുതങ്ങൾ കാത്തുവച്ചിരിക്കുന്ന നമ്മുടെ വത്സലപിതാവിന്റെ ചാരത്ത്, ഇടവകയിലെ നമ്മുടെ കുട്ടികളെയുമായി നമുക്ക് അണയാം. അവിടുന്ന് തലയിൽ കൈ വച്ച് അനുഗ്രഹിച്ചാൽ പിന്നെ ജീവിതം അവർക്ക് ഒരു ഉത്സവമാകില്ലേ. അതല്ലേ നാം എല്ലാ കൊതിക്കുന്നതും.

**മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്**
സിഞ്ചെല്ലൂസ്, എറണാകുളം-അങ്കമാലി മേജർ അതിരൂപത

.................................................

N.B.: ഈ സർക്കുലർ, വിശ്വാസപരിശീലന വർഷാരംഭമായ **ജൂൺ 3-ാം തീയതി** ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.